"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് - കേരളോത്സവം-2023 സംഘടിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയും ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് / പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേസസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1753/2023/LSGD തീയതി,തിരുവനന്തപുരം, 26-08-2023

പരാമർശം:-
1. സ.ഉ.(സാധാ) നം. 2522/2022/തസ്വഭവ തീയതി 19/10/2022.
2. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് വൈസ് ചെയർമാൻ സമർപ്പിച്ചിരിക്കുന്ന 14/07/2023ലെ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, ഗ്രാമ പഞ്ചായത്ത് തലം മുതൽ സംസ്ഥാനതലം വരെ സംഘടിപ്പിക്കുന്ന കേരളോത്സവം ഈ വർഷം ആഗസ്റ്റ് മാസത്തോടെ ആരംഭിക്കേണ്ടതുണ്ടെന്നും താഴെപ്പറയും പ്രകാരമുള്ള സമയക്രമത്തിലാണ് കേരളോത്സവം സംഘടിപ്പിക്കുവാൻ ആലോചിക്കുന്നതെന്നും പരാമർശം കത്ത് പ്രകാരം കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് വൈസ് ചെയർമാൻ അറിയിക്കുകയുണ്ടായി.

കേരളോത്സവ സംഘാടനം സമയക്രമം (പട്ടിക 1)

| ക്രമ നമ്പർ | തദ്ദേശസ്വയംഭരണ സ്ഥാപനം | സമയ ക്രമം | സംഘാടന ചുമതല |
|---|---|---|---|
| 1 | ഗ്രാമ പഞ്ചായത്ത് തലം | 2023 ആഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 1 വരെ | ഗ്രാമ പഞ്ചായത്ത് |
| 2 | മുനിസിപ്പാലിറ്റി തലം | 2023 സെപ്റ്റംബർ 5 മുതൽ 20 വരെ | മുനിസിപ്പാലിറ്റി |
| 3 | കോർപ്പറേഷൻ തലം | 2023 സെപ്റ്റംബർ 5 മുതൽ 20 വരെ | കോർപ്പറേഷൻ |
| 4 | ബ്ലോക്ക് പഞ്ചായത്ത് തലം | 2023 സെപ്റ്റംബർ 5 മുതൽ 20 വരെ | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് & ബ്ലോക്ക് പഞ്ചായത്ത് |
| 5 | ജില്ലാ പഞ്ചായത്ത് തലം | 2023 ഒകോടോബർ 22 മുതൽ നവംബർ 5 വരെ | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് & ജില്ലാ പഞ്ചായത്ത് |
| 6 | സംസ്ഥാന തലം | നവംബർ 10നും 20നും ഇടയിൽ | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് |

2) 2022-ലെപ്പോലെതന്നെ കേരളോത്സവം സംഘടിപ്പിക്കുന്നതിനായി സർക്കാരിൽ നിന്നും ലഭ്യമായ ഭരണാനുമതി പ്രകാരം ബ്ലോക്ക് - ജില്ലാതല കേരളോത്സവ സംഘാടനത്തിനു മാത്രമേ യുവജനക്ഷേമ

ബോർഡിൽ നിന്നും ഗ്രാന്റ് അനുവദിക്കുന്നതിനുള്ള തുക ലഭ്യമായിട്ടുള്ളുവെന്നും സംസ്ഥാന കേരളോത്സവ സംഘാടനത്തിന് തുക മുഴുവൻ യുവജനക്ഷേമ ബോർഡാണ് വഹിക്കുന്നതെന്നും പ്രസ്തുത സാഹചര്യത്തിൽ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തല കേരളോത്സവം അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നോ, പ്ലാൻ ഫണ്ടിൽ നിന്നോ തുക വിനിയോഗിച്ച് സംഘാടനം നടത്തി അടുത്ത തലത്തിലേയ്ക്ക് എൻട്രികൾ സമർപ്പിക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും അനുമതി നൽകേണ്ടതുണ്ടെന്നും കേരളോത്സവ സംഘാടനത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന യുവജനക്ഷേമ ബോർഡിൽ നിന്നും ഗ്രാന്റ് അനുവദിക്കുന്നതിന് പുറമേ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നോ, പ്ലാൻ ഫണ്ടിൽ നിന്നോ തുക വിനിയോഗിക്കുന്നതിന് മുൻകാലങ്ങളിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കാറുണ്ടെന്നും പരാമർശം കത്തിൽ അറിയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് - മുനിസിപ്പാലിറ്റി - കോർപ്പറേഷൻ തലങ്ങളിലെ കേരളോത്സവ സംഘാടനത്തിനായി തനത് ഫണ്ട് വിനിയോഗിക്കുന്നതിനായി മുൻകാലങ്ങളിലെപ്പോലെ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ഉത്തരവ് ഈ വർഷവും പുറപ്പെടുവിക്കണമെന്നും യുവജനക്ഷേമ ബോർഡ് വൈസ് ചെയർമാൻ അഭ്യർത്ഥിക്കുകയുണ്ടായി.

3) കേന്ദ്ര കായിക യുവജന മന്ത്രാലയം സംഘടിപ്പിക്കുന്ന ദേശീയ യുവോത്സവം എല്ലാ വർഷവും ജനുവരി 12 മുതൽ 16 വരെയാണ് സംഘടിപ്പിക്കുന്നതെന്നും കേരളോത്സവത്തിലെ സംസ്ഥാനതല വിജയികളാണ് ദേശീയ യുവോത്സവത്തിൽ പങ്കെടുക്കുന്നതെന്നും ആയതിനാൽ ഈ വർഷത്തെ കേരളോത്സവം- 2023 നവംബർ - നുള്ളിൽ പൂർത്തീകരിച്ചാൽ മാത്രമേ ദേശീയ തലത്തിൽ കേരളാ ടീമിനെ പങ്കെടുപ്പിക്കാൻ സാധിക്കൂ എന്നും വൈസ് ചെയർമാൻ അറിയിച്ചിട്ടുണ്ട്.

4) ഈ വർഷത്തെ കേരളോത്സവം മേൽ പട്ടികയിൽ സൂചിപ്പിച്ച(പട്ടിക-1) സമയക്രമ പ്രകാരം സംഘടിപ്പിക്കേണ്ടതുണ്ടെന്നും ആയതിനാൽ പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ തല മത്സരങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംഘടിപ്പിച്ച് വിജയികളെ അടുത്ത തലത്തിലേയ്ക്ക് ഓൺലൈൻ ആപ്ലിക്കേഷനിലൂടെ തെരഞ്ഞെടുത്ത് നൽകണമെന്നും അഭ്യർത്ഥിച്ചിരിക്കുന്നു. കൂടാതെ, കേരളോത്സവം സംഘടിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തങ്ങളുടെ തനത് ഫണ്ടിൽ നിന്നോ പ്ലാൻ ഫണ്ടിൽ നിന്നോ തുക വിനിയോഗിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും യുവജനക്ഷേമ ബോർഡ് വൈസ് ചെയർമാൻ അഭ്യർത്ഥിക്കുകയുണ്ടായി.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, ഗ്രാമ പഞ്ചായത്ത് തലം മുതൽ സംസ്ഥാനതലം വരെ സംഘടിപ്പിക്കുന്ന കേരളോത്സവം-2023 സംഘടിപ്പിക്കുന്നതിന് പട്ടിക (1) പ്രകാരം ആവശ്യപ്പെട്ട സമയക്രമം അനുസരിച്ച് കേരളോത്സവം സംഘടിപ്പിച്ച് വിജയികളെ അടുത്ത തലത്തിലേയ്ക്ക് തിരഞ്ഞെടുത്ത് നൽകുന്നതിനും ചുവടെ പട്ടിക പ്രകാരം ആവശ്യപ്പെട്ട തുകകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് /പ്ലാൻ ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6) ഇങ്ങനെ ധനവിനിയോഗം ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ധനവിനിയോഗം സംബന്ധിച്ച മറ്റെല്ലാ നിബന്ധനകളും കർശനമായി പാലിച്ചിരിക്കേണ്ടതും വരവ് ചെലവ് കണക്കുകളുടെ

കമ്മിറ്റി/കൗൺസിൽ അംഗീകരിച്ച പ്രസ്താവനകളും ധനവിനിയോഗ സാക്ഷ്യപത്രവും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് നൽകേണ്ടതുമാണ്.

| തദ്ദേശസ്വയംഭരണ സ്ഥാപനം | അനുവദിക്കേണ്ട തുക |
| --- | --- |
| ഗ്രാമ പഞ്ചായത്ത് | 1,50,000/- രൂപ |
| മുനിസിപ്പാലിറ്റി | 2,00,000/- രൂപ |
| കോർപ്പറേഷൻ | 2,50,000/- രൂപ |
| ബ്ലോക്ക് പഞ്ചായത്ത് | 1,50,000/- രൂപ |
| ജില്ലാ പഞ്ചായത്ത് | 4,00,000/- രൂപ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ, തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശസ്വയംഭരണ (റൂറൽ) വകുപ്പ്, തിരുവനന്തപുരം
വൈസ് ചെയർമാൻ, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
സ്റ്റേറ്റ് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (IA2/105/2023/LSGD)

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 01-09-2023 13:30:53
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്